**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **297** **03.02.2020** - ൽ മറുപടിയ്ക്ക്

## <u>വയോജനങ്ങളുടെ സംരക്ഷണവും വൃദ്ധ പരിചരണ കേന്ദ്രങ്ങളുടെ പ്രവർത്തനവും</u>

<u>ചോദ്യം</u>

ശ്രീ.കെ.ജെ.മാക്സി

<u>മറുപടി</u>

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും അവർക്ക് തുണയാകേണ്ടതിനും പകരം അവരെ നടതള്ളുന്നതും വൃദ്ധസദനങ്ങളിലാക്കി കൈകഴുകുന്നതും വൃദ്ധസദനങ്ങൾക്ക് വേണ്ടുന്ന തുക നല്കാതെ അവരെ പുറംതള്ളുന്നതുമായ പ്രവണത സംസ്ഥാനത്താകമാനം ഉണ്ടായി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള വൃദ്ധസദനങ്ങളിലും സർക്കാർ ധനസഹായത്തോടെ പ്രവർത്തിയ്ക്കുന്ന വൃദ്ധസദനങ്ങളിലും വൃദ്ധജനങ്ങളെ പ്രവേശിപ്പിയ്ക്കുന്നതിനും സംരക്ഷിയ്ക്കുന്നതിനും യാതൊരു തുകയും ആരിൽ നിന്നും ഈടാക്കി വരുന്നില്ല. പ്രസ്തുത വൃദ്ധസദനങ്ങളിൽ വയോജനങ്ങൾക്കുള്ള സേവനം തികച്ചും സൗജന്യമായാണ് നൽകി വരുന്നത്. |
| (ബി) | ഇത്തരത്തിൽ കുറ്റകൃത്യം/ കൃത്യവിലോപം ചെയ്യപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തുവെന്നും ഇത്തരം കുറ്റകൃത്യങ്ങൾ കാണിക്കുന്ന മക്കൾ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും തുടർ നടപടികൾക്കുമായി സർക്കാർ | (ബി)യും (സി)യും | മാതാപിതാക്കളെ മക്കൾ സംരക്ഷിയ്ക്കാത്തതുമായി ബന്ധപ്പെട്ട കേസുകൾ, സംസ്ഥാനത്ത് വയോജന സംരക്ഷണത്തിനായി പ്രവർത്തിയ്ക്കുന്ന 27 മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴിയാണ് കൈകാര്യം ചെയ്തു വരുന്നത്. ഇത്തരത്തിൽ 2016-17 ൽ 4767 |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | | കേസുകളും 2017-18 വർഷം 3356 കേസുകളും 2018-19-ൽ 4300 കേസുകളും 2019-20 നവംബർ വരെ 3227 കേസുകളും ഉൾപ്പെടെ ആകെ 15650 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിന്മേൽ ആവശ്യമായ അന്വേഷണ വിചാരണ നടപടികൾക്ക് ശേഷം ഉചിതമായ ഉത്തരവുകൾ ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്ത് വരുന്നു. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 11,005 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പ് മുഖേനയും ആവശ്യമായ വയോജന സംരക്ഷണ നടപടികൾ സ്വീകരിയ്ക്കുവാൻ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അണുകുടുംബ ഘടന, വയോജനങ്ങളുടെ ഉയർന്ന ജനസംഖ്യാനുപാതം, ആയുർദൈർഘ്യ വർദ്ധന തുടങ്ങി ഏതെല്ലാം ഘടകങ്ങൾ എപ്രകാരം പ്രസ്തുത പ്രവർത്തികൾക്ക് കാരണമാകുന്നുവെന്നും ഇതിൽ നിന്നും വയോജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്താനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | | |
| (ഡി) | സംസ്ഥാനത്താകമാനം സർക്കാർ നിയന്ത്രണത്തിലുള്ള പരിചരണ കേന്ദ്രങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; | (ഡി) | എറണാകുളത്ത് പ്രവർത്തിയ്ക്കുന്ന ഡിമെൻഷ്യാ കെയർ സെന്റർ ഉൾപ്പെടെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടു കൂടി 619 സ്ഥാപനങ്ങൾ സ്വകാര്യ/NGO മേഖലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിൽ 172 സ്ഥാപനങ്ങൾ സർക്കാർ ധനസഹായത്തോടെ പ്രവർത്തിയ്ക്കുന്നവയാണ്. |
| (ഇ) | സ്വകാര്യ മേഖല/ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ/ മതകേന്ദ്രങ്ങൾ എന്നിവയുടെ കീഴിലുള്ള പരിചരണ-കേന്ദ്രങ്ങൾ എത്രയാണെന്ന് | (ഇ) | പരിശോധിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എത്ര വീതമാണെന്നും വിഭാഗം തിരിച്ചും ഇവയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് നിരീക്ഷിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ; | | |
| (എഫ്) | വൃദ്ധ പരിചരണ കേന്ദ്രങ്ങളുടെ മറവിൽ സംരക്ഷണം ഉറപ്പുപറഞ്ഞ് പണം തട്ടുന്ന പല കേന്ദ്രങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുന്നതോ-ടൊപ്പം ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ജി) | വയോജന സംരക്ഷണം ഔദാര്യമല്ല, കടമയാണ് എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ജി) | മക്കൾ ഉൾപ്പെടെയുള്ള ബന്ധുക്കളുടെ പീഢനങ്ങൾക്ക് ഇരയാകുന്ന വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും അവർക്ക് നീതി ഉറപ്പാക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് നോഡൽ വകുപ്പായിക്കൊണ്ട് മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 2007 ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവചിച്ചു നൽകിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതി സംബന്ധിച്ച് അന്വേഷണ, വിചാരണ നടപടികളിലൂടെയും, ഒത്തുതീർപ്പ് ചർച്ചകളിൽ താല്പര്യമുള്ളവർക്ക് കൺസീലിയേഷൻ ഉൾപ്പെടെയുള്ള വിവിധ നടപടിക്രമങ്ങളിലൂടെ ഉചിതമായ നടപടി സ്വീകരിയ്ക്കുകയും ചെയ്ത് വരുന്നുണ്ട്. ഇത്തരത്തിൽ 27 ട്രൈബ്യൂണലുകൾ സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസം വരെയുള്ള തടവിനോ 5,000/- രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാനും നിയമം അനുശാസിക്കുന്നുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം കേസ് നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ട്രൈബ്യൂണലുകളെ സഹായിക്കുന്നു. |

**സെക്ഷൻ ഓഫീസർ**